# اهْدِنَا الصِّرَاطَ الْمُسْتَقِيمَ

**അല്ലാഹുവിന്റെ
നേർമാർഗ്ഗത്തിൽ വഴിതെറ്റാതെ
ഉറച്ച് നിൽക്കുന്നതിന്റെ പ്രാധാന്യവും
അതിൽ നിന്ന് വഴി തെറ്റിയാലുള്ള
അപകടവും വ്യക്തമാക്കുന്ന
ഖുർആനിൽ നിന്നും സുന്നത്തിൽ
നിന്നും സലഫുകളിൽ നിന്നും ചില
സമകാലിക സംഭവങ്ങളിൽ നിന്നും
അതിനു പ്രയോജനകരമായ ചില
പാഠങ്ങളോടു കൂടിയ ഒരു
ലഘു ലേഖനം.**

**അബൂ അബ്ദില്ലാഹ് മിഖ്ദാദ് അൽ ഹിന്ദി**

غفر الله له ولوالديه

www.uloomussunnah.com

بسم الله الرحمن الرحيم

الحمد لله حمدًا كثيرًا طيِّبًا مباركًا فيه ، أشهد أن لا إله إلا الله وحده لا شريك له وأشهد أن محمدا عبده ورسوله، أما بعد؛

(يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسۡلِمُونَ)

(يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَلۡتَنظُرۡ نَفۡسٌ مَّا قَدَّمَتۡ لِغَدٍۖ وَٱتَّقُواْ ٱللَّهَۚ إِنَّ ٱللَّهَ خَبِيرُۢ بِمَا تَعۡمَلُونَ)

اللهവിന്റെ അടിമകൾക്കുള്ള അവന്റെ ഏറ്റവും വലിയ അനുഗ്രഹമാണ് അവനെ നേർമാർഗ്ഗത്തിലാക്കിയെന്നത്. അവനോട് നേർമാർഗ്ഗം ചോദിക്കൽ തെറ്റുകാരന് മാത്രമുള്ളതല്ല എന്നാൽ സൻമാർഗ്ഗത്തിലുള്ളവരും സ്ഥിരമായി അവനോട് ഹിദായത്തിനെ ചോദിക്കേണ്ടതുണ്ട്. അതിൽ ഉറപ്പിച്ച് നിർത്താനും കൂടുതൽ കൂടുതൽ സന്മാർഗത്തിലേക്ക് മുന്നേറാനും. ഒരു മുസ്‌ലിമിന്റെ നമസ്കാരവും ഹിദായത്തിനുള്ള ആ ദുആ ചേർന്ന സൂറത്തുൽ ഫാതിഹ ഇല്ലാതെ സ്വീകരിക്കപ്പെടില്ല. الله ആ നേർമാർഗം വ്യക്തമാക്കാൻ വേണ്ടി ഖുർആനും സുന്നത്തും നമ്മിലേക്ക് അയച്ചു. അത് മുറുകെ പിടിക്കുന്നതിലൂടെ മാത്രമേ ആ ഹിദായത്തിൽ തുടർന്ന് പോകാൻ കഴിയൂ. ആ ഹുദ പിൻപറ്റിയവൻ ദുനിയാവിലൊ ആഖിറത്തിലൊ നഷ്ടക്കാരിൽ പെടുകയില്ല.

فَإِمَّا يَأۡتِيَنَّكُم مِّنِّى هُدًى فَمَنِ ٱتَّبَعَ هُدَاىَ فَلَا يَضِلُّ وَلَا يَشۡقَىٰ ۝

സൂറ: ത്വാഹ : 123

الله വിനോട് ആ ഹിദായത്ത് ചോദിക്കുന്നതിലൂടെ അത് الله വർദ്ധിപ്പിച്ച് തരുകയും അതിൽ നിന്നും അകന്ന് പോകുന്നതിലൂടെ കൂടുതൽ വഴികേടിലാക്കുകയും ചെയ്യുന്നു.

(وَٱلَّذِينَ ٱهۡتَدَوۡاْ زَادَهُمۡ هُدًى وَءَاتَىٰهُمۡ تَقۡوَىٰهُمۡ)

(فَلَمَّا زَاغُوٓاْ أَزَاغَ ٱللَّهُ قُلُوبَهُمۡۚ)

ത്വലബുൽ ഇൽമിനുള്ള നിരവധി മർക്കസ്സുകളും അതിനു വേണ്ടിയുള്ള ആധുനിക മാധ്യമങ്ങളിലൂടെയുള്ള വിവിധ വർണ്ണങ്ങളിലുള്ള പ്രചരണങ്ങളും ദ്ദുറൂസുകളും നസ്വീഹത്തുകളും സുലഭമായ ഈ കാലത്ത് അതിനെല്ലാം വൈരുദ്ധ്യമായിക്കൊണ്ട് നേർമാർഗത്തിൽ നിന്നുള്ള വ്യതിചലനങ്ങളും ധാരാളമായി കണ്ടുവരുന്നു. എവിടെയാണ് പിഴവ് സംഭവിക്കുന്നത്? അല്ലാഹുവിന്റെ നേർമാർഗത്തിൽ നിന്ന് പിഴച്ചു പോകാതിരിക്കാനും ആ മാർഗ്ഗത്തിൽ ഉറപ്പിച്ചു നിർത്താനും എപ്പോഴും അവനോട് ചോദിക്കേണ്ടതുണ്ട്.

ഹിദായത്തും ഫിത്വയും ദീനിൽ നിന്നുള്ള വ്യതിചലനവും സബാത്തും ഇഖ്ലാസും എല്ലാം മനുഷ്യന്റെ ഒരു ചെറിയ മാംസക്കഷ്ണവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഹൃദയം എന്ന ആ ചെറിയ മാംസക്കഷ്ണം ശുദ്ധീകരിക്കുന്നതിലൂടെ അല്ലാഹുവിന്റെ തൗഫീഖോട് കൂടിയുള്ള ഹിദായത്തും ഫിത്വയും നിന്നുള്ള കാവലും സബാത്തും കൈവരുന്നു. അങ്ങനെയുള്ള ഒരു സൗഭാഗ്യ ജീവിതത്തിലൂടെ നല്ല ഒരു പര്യവസാനത്തിനു അല്ലാഹു അവന്റെ അടിമക്ക് തൗഫീഖ് നൽകുന്നു. എറ്റവും ബുദ്ധിമുട്ടേറിയ ഒരു വിഷയമാണിത്. എന്നാൽ തെറ്റുകൾ വെടിഞ്ഞ് അല്ലാഹുവിനോടുള്ള സ്ഥിരമായ ദുആയോട് കൂടി അതിനു ശ്രമിക്കുന്ന അടിമക്ക് അല്ലാഹുവിന്റെ സഹായമുണ്ടാകുന്നു. ഈ വിഷയമാണ് നാം ഇവിടെ ചർച്ച ചെയ്യുന്നത്.

نسأل الله التوفيق.

عَنْ أَبِي هُرَيْرَةَ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : إِنَّ اللَّهَ لَا يَنْظُرُ إِلَى أَجْسَادِكُمْ، وَلَا إِلَى صُوَرِكُمْ، وَلَكِنْ يَنْظُرُ إِلَى قُلُوبِكُمْ.

*ﷲ നമ്മുടെ ശരീരത്തിലേക്കോ രൂപത്തിലേക്കോ എല്ലാ നോക്കുന്നത്.എന്നാൽ ഹൃദയത്തിലേക്കാണ് നോക്കുന്നത്.*

عَنْ النُّعْمَان بْنَ بَشِيرٍ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: أَلَا وَإِنَّ فِي الْجَسَدِ مُضْغَةً إِذَا صَلَحَتْ صَلَحَ الْجَسَدُكُلُّهُ، وَإِذَا فَسَدَتْ فَسَدَ الْجَسَدُ كُلُّهُ، أَلَا وَهِيَ الْقَلْبُ ".

*ശരീരത്തിലുള്ള ഹൃദയം എന്ന ആ മാംസക്കഷ്ണം നന്നായാൽ ശരീരം മുഴുവൻ നന്നായി.അതു കേടായാലോ ശരീരം മുഴുവനും കേട് സംഭവിക്കുന്നു.*

മനസ്സിന്റെ ശുദ്ധീകരണത്തിനും അതിനെ ഇളകിപ്പോകാതെ മുറുകെ പിടിക്കുന്നതിനും ഖുർആനും സുന്നത്തും വളരെയേറെ പ്രാധാന്യം നൽകിയിട്ടുണ്ട്. അതിനെ ഫിതനകളിൽ നിന്ന് സൂക്ഷിച്ച ﷲവിന്റെ ദീനിൽ ഉറപ്പിച്ച നിർത്തേണ്ടതുണ്ട്. എപ്പോഴും ﷲവിനോട് ഹിദായത്തിനേയും തൗഫീഖിനേയും തേടേണ്ടതുണ്ട്.

റസൂലിന്റെ സ്ഥിരമായ ദുആകളിൽ പെട്ടതായിരുന്നു;

**" يَا مُقَلِّبَ الْقُلُوبِ، ثَبِّتْ قَلْبِي عَلَى دِينِكَ "**

അത് പോലെ തന്നെ റസൂലിന്റെ ഏറ്റവും കൂടുതൽ സത്യം ചെയ്യൽ *'മനസ്സിനെ മാറ്റിമറിക്കുന്നവനെ'* لَا وَمُقَلِّبِ الْقُلُوبِ എന്നായിരുന്നു.

ഉമർ رضي الله عنهവിന്റെ ദുആയിൽ പെട്ടതായിരുന്നു:

" اللهم إن كنت كتبتني شقيا فامحني واكتبني سعيدا "

*ﷲവേ, നരകക്കാരുടെ കൂടെ എന്നെ എഴുതിച്ചേർത്തിട്ടുണ്ടെങ്കിൽ അത് മായിച്ച് സ്വർഗ്ഗക്കാരിൽ ചേർക്കേണമേ...*

ആ ഹൃദയത്തെ കറപുരളാതെ സൂക്ഷിക്കേണ്ടതുണ്ട് നാം. നമ്മുടെ രഹസ്യത്തിലും പരസ്യത്തിലും അത് നന്നാക്കാൻ സൽക്കർമ്മങ്ങളിലൂടെ മുന്നേറുകയും, തെറ്റുകൾ വെടിഞ്ഞും, നല്ല കൂട്ടുകെട്ടുകളിലൂടെയും, ദുആ വർദ്ധിപ്പിച്ചും നാം അതിനു കൂടുതൽ പരിശ്രമിക്കേണ്ടതുണ്ട്. അതിൽ വീഴ്ച വരുത്തുന്നതിലൂടെ വലിയ വലിയ അപകടത്തിൽ പെട്ടവരെ നമുക്ക് കാണാൻ സാധിക്കും. അതിന്റെ വ്യതിചലനത്തിൽ ഭയപ്പെട്ടവരാണ് നമ്മുടെ മുൻഗാമികളായ സ്വാലിഹീങ്ങൾ.

*'ഹൻധല മുനാഫിഖായി', 'മുനാഫിഖുകളുടെ കൂട്ടത്തിൽ റസൂൽ ﷺ എന്റെ പേര് പറഞ്ഞിട്ടുണ്ടോ'* എന്ന ഉമർ رضي الله عنه വിന്റെ ആശങ്ക, സ്വഹാബികളുടെ മനസ്സിൽ ശൈത്വാൻ ഫിത്നയുണ്ടാക്കുമെന്ന് ഭയന്ന് *"അത് എന്റെ ഭാര്യ സഫിയ്യയാണ്"* എന്ന് അവരെ ഉണർത്തുന്ന റസൂലുല്ലാഹി ﷺ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വരെ റസൂലുല്ലാഹി ﷺ മനസ്സുകളിൽ സംഭവിക്കുന്ന ഫിത്നകളെ ഭയന്നിരുന്നു. അതു പോലെ തന്നെ അതിൽ വളരേയേറെ ശ്രദ്ധ ചെലുത്തിയവരായിരുന്നു നമ്മുടെ സലഫുകളും. കാരണം ആ മനസ്സിന്റെ പ്രവർത്തനങ്ങൾ വളരെ ആശ്ചര്യകരവും അതേ പോലെ തന്നെ സൂക്ഷിക്കാതിരുന്നാൽ വളരെ അപകടകരവുമാണ്. അത് ഏതിനേക്കാളും വേഗത്തിൽ സഞ്ചരിക്കും. ഒരു കടുകു മണി കൊണ്ട് അത് ഖുബ്ബ പണിയും.

അതു ഒരു രാജാവിനെ പോലെയാണ്. രാജാവ് നന്നായാൽ സൈന്യത്തിനോട് നല്ലത് കൽപ്പിക്കുകയും ആ രാജ്യത്ത് നന്മ കൈവരുകയും ചെയ്യും, അല്ലെങ്കിൽ തിരിച്ചും. നമ്മുടെ ഹൃദയത്തെ സന്മാർഗത്തിൽ നിലനിർത്താനും വഴികേടിൽ പെടാതെ സംരക്ഷിക്കാനും അല്ലാഹു ഖുർആനിൽ പറഞ്ഞ ചില ഗുണപാഠങ്ങൾ കാണുക:

(وَٱتْلُ عَلَيْهِمْ نَبَأَ ٱلَّذِىٓ ءَاتَيْنَـٰهُ ءَايَـٰتِنَا فَٱنسَلَخَ مِنْهَا فَأَتْبَعَهُ ٱلشَّيْطَـٰنُ فَكَانَ مِنَ ٱلْغَاوِينَ)

സൂറ: അൽ-അഅ്റാഫ് 175

ദീനീൽ പാണ്ഡിത്യം നൽകപ്പെട്ട ഒരാൾ അത് വിട്ട് സ്വന്തം ഇച്ഛകളെ പിൻപറ്റി ശൈത്വാന്റെ കൂട്ടരായി നാശത്തിലേക്ക് പോയ അവസ്ഥ. മൃഗങ്ങളിൽ ഏറ്റവും നീചമായ നായയോടാണ് الله അയാളെ ഉപമിച്ചത്.

സമൂദ് സമുദായത്തിനെ സൻമാർഗത്തിലേക്ക് നയിക്കപ്പെട്ടു എന്നാൽ അവർ ദുർമാർഗ്ഗം പിൻപറ്റി.

(وَأَمَّا ثَمُودُ فَهَدَيْنَـٰهُمْ فَٱسْتَحَبُّوا۟ ٱلْعَمَىٰ عَلَى ٱلْهُدَىٰ فَأَخَذَتْهُمْ صَـٰعِقَةُ ٱلْعَذَابِ ٱلْهُونِ بِمَا كَانُوا۟ يَكْسِبُونَ)

സൂറ: ഫുസ്സിലത്ത് 17

(وَمَنۡ أَعۡرَضَ عَن ذِكۡرِی فَإِنَّ لَهُۥ مَعِيشَةً ضَنكࣰا وَنَحۡشُرُهُۥ يَوۡمَ ٱلۡقِيَـٰمَةِ أَعۡمَىٰ)

സൂറ: ത്വാഹ: 124

അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് അകന്നു പിന്തിരിഞ്ഞു പോയവനു കുടുസ്സായ ജീവിതമാണുണ്ടാകുക. കാഴ്ചയില്ലാത്തവനായി പരലോകത്ത് അവൻ ഉയർത്തെഴുന്നേൽപ്പിക്കപ്പെടും.

റസൂൽ صلى الله عليه وسلم യുടെ സ്വഹാബികളിൽ ഒരാൾക്ക് സംഭവിച്ചത് കാണുക:

ഇസ്‌ലാം സ്വീകരിച്ച് റസൂൽ ﷺ യുടെ വിശിഷ്ട സ്വഹാബത്തിന്റെ കൂട്ടത്തിൽ പെടുകയും റസൂൽ ﷺ ന്റെ വഹിയ്യ് എഴുതുകയും ചെയ്തിരുന്ന അവസ്ഥയിൽ നിന്ന് തിരിച്ച് നസ്വറാണി ആയി മാറിയ അവസ്ഥ.

അതിന്റെ ശിക്ഷയായി മരണശേഷം ഖബറടക്കിയ ശേഷം ഭൂമി പുറന്തള്ളുന്ന അവസ്ഥ വന്നെത്തുകയാണുണ്ടായത്.

അതു പോലെ ഇബ്നു ഹജർ رحمه الله "ഫത്ഹുൽ ബാരിയിൽ", "അഹ്‌ലുസ്സുന്നയുടെ തലവൻ" എന്ന് വിശേഷിപ്പിച്ച ഇംറാനു ബ്നു ഹിത്താൻ മുറപ്പെണ്ണായ (അമ്മാവന്റെ മകൾ) സുന്ദരിയായ ഖവാരിജുകളിൽ പെട്ട സ്ത്രീയെ വിവാഹം ചെയ്യുകയും അവളാൽ സ്വാധീനം ചെലുത്തപ്പെട്ട് അലി رضي الله عنه വിന്റെ കൊലയാളിയായ അബ്ദു റഹ്മാൻ ഇബ്നു മുൽജിമിനെ പ്രശംസിക്കുന്ന അവസ്ഥയിലെത്തി. കൂട്ടുകെട്ട് എത്രമാത്രം മനസ്സിനെ സ്വാധീനിക്കുന്നു എന്ന് നോക്കൂ...

ദീനിൽ നിന്ന് വഴിപിഴക്കൽ ഒരു സുപ്രഭാതത്തിൽ സംഭവിക്കുന്നതല്ല. അതിനു അടിവേരുകൾ ഉണ്ടായിരിക്കും. ഹിദായത്തിൽ തുടർന്ന് പോകാൻ സാധിക്കുക എന്നത് അല്ലാഹുവിന്റെ വലിയ അനുഗ്രഹങ്ങളിൽ പെട്ട ഒന്നാണ്.

അതുപോലെ തന്നെ ദീനിൽ നിന്ന് വഴിപിഴച്ച് പോകുന്നതിനു ഇബ്നു കസീർ رحمه الله 'ബിദായ വന്നിഹായ' എന്ന കിതാബിൽ പറയുന്ന സംഭവം കാണുക:

മുസ്‌ലീങ്ങളുടെ കൂട്ടത്തിൽ ജിഹാദ് ചെയ്തിരുന്ന ഒരു യുവാവ് യുദ്ധത്തിനു പോയപ്പോൾ നസ്രാണികളുടെ കൂട്ടത്തിൽ പെട്ട ഒരു സ്ത്രീയെ കാണുകയും അവളുടെ സൗന്ദര്യത്തിൽ മതിമറന്ന് ആ സ്ത്രീയെ വിവാഹം ചെയ്യാൻ വേണ്ടി നസ്വാറാക്കളുടെ മതം സ്വീകരിക്കുകയും

അവരുടെ കൂടെ ചേരുകയും ചെയ്യുന്നു. വർഷങ്ങൾക്ക് ശേഷം മുസ്‌ലീം സൈന്യം മറ്റൊരു യുദ്ധത്തിൽ നസ്രാണികളുടെ കൂട്ടത്തിൽ ആ യുവാവിനെ കാണാനിടവരുകയും ഹാഫിളൽ ഖുർആനായ നിന്റെ അവസ്ഥ എന്തെന്നും, നിന്റെ നോമ്പും, രാത്രി നമസ്കാരവും നിനക്കെന്തു ഉപകാരമാണ് നൽകിയതെന്ന് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു "എന്റെ ഖുർആൻ എല്ലാം ഞാൻ മറന്നു പോയി ഒരു ആയത്തൊഴികെ."

(رُّبَمَا يَوَدُّ ٱلَّذِينَ كَفَرُواْ لَوۡ كَانُواْ مُسۡلِمِينَ)

*(ഞങ്ങൾ മുസ്‌ലീങ്ങൾ ആയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് ചിലപ്പോൾ കുഫ്ഫാറുകൾ കൊതിച്ചു പോകും)*

സൂറത്തുൽ ഹിജ്ർ : 2

ദൗർഭാഗ്യം വന്നെത്തുന്നത് നോക്കൂ, ജിഹാദ് ചെയ്തിരുന്ന ആളിൽ നിന്ന് ദീനിൽ നിന്ന് പുറത്ത് പോയി നസ്വാറാക്കളുടെ മതം സ്വീകരിച്ച വ്യക്തിയിലേക്ക്.

അതിന് തുടക്കമായതോ ഹറാമിലേക്കുള്ള ഒരു ചെറിയ നോട്ടം.!

സഹോദരീ സഹോദരന്മാരെ ദീനിന്റെ വിദ്യാർത്ഥികളായ നാം അതിശയിക്കേണ്ട. ഇതെല്ലാം ഒരു സുപ്രഭാതത്തിൽ സംഭവിക്കുന്നതല്ല. നമ്മുടെ രഹസ്യവും പരസ്യവും നന്നാക്കുക. തെറ്റുകളിൽ തുടർന്ന് പോകാതെ എപ്പോഴും തൗബയും ഇസ്തിഗ്ഫാറും വർദ്ധിപ്പിക്കുക. തെറ്റുകൾ സംഭവിക്കാത്തവരില്ല. എന്നാൽ അതിൽ തുടർന്ന് പോകുന്നതിനെയാണ് ഭയക്കേണ്ടത്.എപ്പോഴും അല്ലാഹുവിനോട് സബാത്തിനെ ചോദിക്കേണ്ടതുണ്ട് നാം.

അതു പോലെ തന്നെ വേറൊരു ഉദാഹരണം കാണുക. ഇമാം ദഹബി رحمه الله 'സിയർ അഅ്‌ലാമുന്നുബലാ' എന്ന കിതാബിൽ പറയുന്നു. ഇബ്നു അർ റാവൻദി സുഹൃദുള്ള ( زهد ) വലിയ പണ്ഡിതനായിരുന്നു. അദ്ദേഹം ദാരിദ്ര്യം കൊണ്ട് പരീക്ഷിക്കപ്പെട്ടു. പണത്തിനു വേണ്ടി ജൂതനായ ഒരാളുടെ ആവശ്യപ്രകാരം റസൂൽ ﷺക്ക് എതിരെ കിതാബ് എഴുതുന്നു. അതു പോലെ തന്നെ ഖുർആനിനെതിരെയും അമ്പിയാക്കൾക്കെതിരെയും കിതാബ് എഴുതുകയുണ്ടായി. ഇങ്ങനെ സമ്പാദിച്ച പണം കൊണ്ട് വലിയ വീട് പണിയുകയും അതിനിടയിൽ വീടിന്റെ മുകളിൽ നിന്ന് മറഞ്ഞു വീണ് ദീനിൽ നിന്ന് പുറത്തു പോയ അവസ്ഥയിൽ മരണപ്പെടുന്നു.

യാ ത്വുല്ലാബൽ ഇൽമ്... നിങ്ങൾ വളരെ ശ്രദ്ധിക്കുക. ശൈത്വാൻ നിന്റെ കുറവുകളിലേക്ക് ഉറ്റ നോക്കി അതിലൂടെ നീ പരീക്ഷിക്കപ്പെട്ടേക്കാം. പാപങ്ങളെ ശ്രദ്ധിക്കുക.

അതു പോലെ തന്നെ ഇബ്നുൽ ഖയ്യിം رحمه الله തന്റെ 'ജവാബുൽ കാഫി'യിൽ പറയുന്ന സംഭവം കാണുക. നാൽപ്പതു വർഷത്തോളം ഒരു പള്ളിയിൽ ബാങ്ക് കൊടുത്തു പോന്നിരുന്ന അബൂ സ്വാലിഹ് എന്ന വ്യക്തി ഒരു ദിവസം ബാങ്ക് കൊടുക്കുമ്പോൾ മിനാരത്തിന്റെ മുകളിൽ നിന്ന് അടുത്ത വീട്ടിലുള്ള നസ്രാണിയായ സുന്ദരിയായ ഒരു സ്ത്രീയിൽ നോട്ടം പതിയുന്നു. ബാങ്കിന് ശേഷം ആ വീട്ടിലേക്ക് പോകുകയും അവളിൽ വ്യഭിചാരത്തിനു മോഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിൽ നിന്നും വിട്ട് നസ്രാണി മതം സ്വീകരിക്കാനുള്ള അവളുടെ ആവശ്യം "ഞാൻ ഇസ്‌ലാമിൽ നിന്നും ഒഴിവാണ്" എന്ന വാക്കിലൂടെ മറുപടി കൊടുക്കുന്നു. (അല്ലാഹു നമ്മെ ഇങ്ങനെയുള്ള അവസ്ഥയിൽ നിന്നെല്ലാം സംരക്ഷിക്കട്ടെ). നിന്റെ ഇപ്പോഴത്തെ ആവശ്യം തീർക്കാനാണ് നീ നസ്രാണിയായത് എന്ന് പറയുകയും , എന്നെ വേണമെങ്കിൽ നീ മദ്യം കുടിക്കണമെന്നും പന്നി മാംസം കഴിക്കണമെന്നും അവൾ ആവശ്യപ്പെടുന്നു. അവൾക്ക് വേണ്ടി മദ്യം കുടിക്കുകയും ലഹരി പിടിക്കുകയും ചെയ്തു. പിതാവ് വന്നാൽ ഞാൻ പറയാമെന്നും എന്നിട്ട് വിവാഹം ചെയ്യാമെന്നും കാത്തിരിക്കാൻ പറഞ്ഞു ആ സ്ത്രീ പോകുകയും ചെയ്തു. അയാൾ പള്ളിയുടെ മുകളിൽ കയറുകയും ലഹരി മൂലം കാൽ തെന്നി ഇസ്‌ലാമിൽ നിന്നും പുറത്തു പോയി നരകത്തിൽ സ്ഥിരവാസകനായ അവസ്ഥയിൽ മരണപ്പെടുകയും ചെയ്യുന്നു.

لا إله إلا الله نسأل الله العافية

നമ്മുടെ രഹസ്യങ്ങളെ നാം പരിശോധിക്കുക. അല്ലാഹുവിനു നിരക്കാത്ത എന്തെങ്കിലും കാര്യങ്ങളിൽ നാം തുടർന്ന് പോകുന്നുണ്ടോ. നമ്മുടെ അകവും പുറവും ഒന്നാണോ. അതോ പുറത്തു വെളുപ്പും അകത്തു കറുപ്പുമാണോ? സമയം വൈകിയിട്ടില്ല, പരിശോധിക്കുക, ഒരു വലിയ നാശത്തിനു വഴി വരുത്താതിരിക്കാൻ...

അതു പോലെ തന്നെ അടുത്ത കാലത്തുള്ള ഒരു സംഭവം. അബ്ദുള്ള അൽ കസീം 19ാം വയസ്സിൽ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിൽ പഠിക്കുമ്പോൾ ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബിനെ ചീത്ത പറഞ്ഞെഴുതിയ കിതാബിനെതിരെ റദ്ദു കൊടുത്തു കൊണ്ട് ഒരു കിതാബ് എഴുതുന്നു. ഒരു വർഷമെടുത്തു ഒരുമിച്ചു ചേർത്ത് അബ്ദുള്ള അൽ കസീമിനെതിരെ കിതാബ് എഴുതുമ്പോൾ അതിനു മറുപടി ഒരു മാസം കൊണ്ട് എഴുതിത്തീർക്കുന്നു.

'الصراع بين الإسلام والوثنية'എന്ന കിതാബ് രചിച്ചപ്പോൾ ഉലമാക്കൾ അതിനെ വളരെയേറെ

പ്രശംസിക്കുകയുണ്ടായി. മസ്ജിദുൽ ഹറമിലെ മിമ്പറിൽ വരെ അദ്ദേഹത്തിനെ പ്രശംസിക്കുകയുണ്ടായി.

അബ്ദുല്ല അൽ ഖസീമി ഈ കിതാബ് രചിച്ചതിലൂടെ സ്വർഗത്തിൽ പ്രവേശിക്കാനുള്ള മഹറ് നൽകിക്കഴിഞ്ഞു എന്നുവരെ പ്രശംസിക്കപ്പെട്ടു. 'ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ രണ്ടാമൻ', നജ്ദിലെ സ്ത്രീകൾ പ്രസവിച്ചവരിൽ വെച്ച് ഏറ്റവും ഉത്തമൻ എന്നിങ്ങനെയുള്ള പ്രശംസകൾ ഏറ്റുവാങ്ങിയ ഈ മഹാനായ പണ്ഡിതൻ റസൂലുമാർക്കെതിരെയും ദീനിനെതിരെയും പഴി പറയുന്ന കിതാബ് രചിക്കുന്ന അവസ്ഥയിലെത്തി.

ഷെയ്ഖ് മുഖ്ബിൽ رحمه الله അൽ ബസീമിയെ കുറിച്ച് പറയുന്നത് കാണുക. നജ്ദിലെ ഒരു പണ്ഡിതൻ ലുബ്നാനിൽ വെച്ച് ഖാസിമിയെ, അവിടെ നിന്ന് വിവാഹം ചെയ്ത മുഖം മറക്കാത്ത ഒരു പെണ്ണിൻറെ കൂടെ കാണാനിടയായി. അതിനെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞത് ഇങ്ങനെയാണ്. "അല്ലാഹ്ഹ ഈ തരുണിമണികളെ നരകത്തിൽ പ്രവേശിപ്പിക്കുകയും നജ്ദിലെ കിഴവികളേ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും എന്നാണോ?"

'വഴികേടിലായ രാജാവ്' എന്ന പേരിൽ ലോകരക്ഷിതാവായ അല്ലാഹുവിനെ ആക്ഷേപിക്കുന്ന രീതിയിൽ പുസ്തകം രചിക്കുന്ന അവസ്ഥയിലെത്തി. ആലിമാണെന്ന അഹങ്കാരവും ഗർവ്വും ചേർന്ന സ്വഭാവത്തിനുടമയായിരുന്നു ഈ വ്യക്തി. എളിമ കാണിക്കാതെ അറിവിലും പ്രശസ്തിയിലും ഹിഫ്ളിലും ബുദ്ധിസാമർത്ഥ്യത്തിലും പെരുമ നടിക്കുന്നവർ സൂക്ഷിക്കുക. ശാശ്വതമായ സ്വർഗ്ഗ ജീവിതത്തെ മറന്ന് നൈമിഷികമായ ഇഹലോക സുഖത്തിനുള്ളിൽ കബളിപ്പിക്കപ്പെട്ട വരാകരുത് നാം. വളരെ കുറച്ച മാത്രം നൽകപ്പെട്ട അറിവിൽ ആണോ ഈ അഹങ്കാരം. എന്ത് അനുഗ്രഹം നൽകപ്പെട്ടാലും അത് അല്ലാഹുവിൽ നിന്നാണെന്നും അതിനു നന്ദികാണിക്കുകയും ചെയ്യുക എന്നാൽ ആ അനുഗ്രഹങ്ങൾ നിൻറെ കൂടെ സ്ഥിരപ്പെടും അല്ലെങ്കിലോ അത് നിന്നെ വിട്ടു പോകും.

نسأل الله الإخلاص...

മറ്റൊരു സമകാലിക സംഭവം കൂടി ഉണർത്തിക്കൊണ്ട് ഈ വിഷയം അവസാനിപ്പിക്കുകയാണ്.

അബ്ദുല്ല ബിൻ യൂസഫ് അൽ ജുദൈഅ് عقيدة السلفية എന്ന വിശിഷ്ട രചനയുടെ കർത്താവ്. ഇറാഖിയായ കുവൈത്തിൽ താമസിച്ചിരുന്ന ഇപ്പൊൾ ബ്രിട്ടനിൽ സ്ഥിരതാമസമായ വ്യക്തി അല്ലാഹുവിന് ഒരു കണ്ണേ ഉള്ളൂ എന്ന വിഷയത്തിൽ തുടങ്ങി താടി വെക്കുന്നതിനതിരെ മതപഠന വിദ്യാർഥികളെ സംശയത്തിലാക്കുന്ന രീതിയിൽ ഹദീസുകൾ ക്രോഡീകരിച്ചുള്ള പുസ്തകം രചിച്ചു. ഹദീസ് പഠന ശാസ്ത്രത്തിൽ ഉയർന്ന പാണ്ഡിത്യമുള്ള ഈ വ്യക്തി അവസാനം സ്ത്രീയുടെ ഗുഹ്യ ഭാഗത്തിലൂടെയുള്ള (പിൻ ദ്വാരത്തിലൂടെയുള്ള) ലൈംഗികബന്ധത്തിന് അനുകൂലിക്കുന്ന പുസ്തകം രചിക്കുന്ന അവസ്ഥയിലെത്തി.. نعوذ بالله. സംഗീതത്തെയും മറ്റും അനുകൂലമായ രീതിയിലുള്ള രചനകളുമായി ഇപ്പോൾ ബ്രിട്ടനിൽ സ്ഥിരതാമസം വഹിക്കുന്നു .

اللهم يا مقلب القلوب ثبت قلوبنا على دينك

അതുപോലെ ഉസാമ അൽ ഖൗസി, ഷെയ്ഖ് മുഖ്ബിൽ رحمه الله അദ്ദേഹത്തിന്റെ ' كتاب الأذان' നെ പ്രശംസിച്ചുകൊണ്ട് പറയുമായിരുന്നു *'ഈ വിഷയത്തിൽ ഇത്ര നന്നായി മറ്റൊരു കിതാബും രചിക്കപ്പെട്ടിട്ടില്ല'.*

പടിപടിയായുള്ള വഴിതെറ്റകൾക്കൊടുവിൽ 'അല്ലാഹുവേ എന്നെ ഈജിപ്തിലെ പ്രശസ്തയായ സിനിമാ നടിയുടെ കൂടെ പരലോകത്ത് ഉയർത്തെഴുനേൽപ്പിക്കണേ എന്ന് പറയുന്ന ഈ അവസ്ഥയിൽ എത്തി!

ഹൃദയത്തിൻറെ ശുദ്ധീകരണത്തിനും മനസ്സിന്റെ പരിചരണത്തിനും കഠിനമായി പ്രവർത്തിക്കുക. ദുആ വർദ്ധിപ്പിക്കുക. അതിനു കേടുവരാൻ കാരണമാകുന്ന അവസ്ഥകളിൽ നിന്ന് വിട്ടു നിൽക്കുക. പഴയതും പുതിയതുമായ നിറയെ സംഭവങ്ങൾ നാം അറിഞ്ഞു കഴിഞ്ഞു. അതിലെ വ്യക്തികളും അവരുടെ നാടുകളും നമ്മിൽ പലർക്കും വിദൂരം ആണെങ്കിലും ഒരുമിച്ച് ദീനിന്റെ സദസ്സ് പങ്കിട്ടിരുന്ന പലരുടെയും അവസ്ഥകൾ നമുക്കറിയാം. അവരെ അവിടെ കൊണ്ടെത്തിക്കാനുള്ള കാരണങ്ങളും നമുക്കറിയാം. പ്രിയ സഹോദരി സഹോദരന്മാരെ ശൈത്താനെ വളരെയധികം സൂക്ഷിക്കുക. ദീനിന്റെ കാര്യത്തിൽ നാം അലസരാകരുത്. സ്തംഭിപ്പിക്കുന്ന രീതിയിലുള്ള ചില വാർത്തകളാണ് നാം ചില സമയത്ത് കേൾക്കുന്നത്. അവനോ അവൾക്കോ സംഭവിച്ചത് നാളെ നമുക്കോ നമ്മുടെ ഭാര്യമാർക്ക മക്കൾക്കോ സഹോദരന്മാർക്കോ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുക. അല്ലാഹുവിൻറെ അനുസരണയിലൂടെ മുന്നേറുക. ദീനിലെ എല്ലാ കാര്യങ്ങളിലും മുന്നിലുള്ളവരായി മാറുക. അല്ലാഹുവിൻറെ ദീനിനോ ദഅ്‌വത്തിനോ നമ്മുടെ വാക്കുകൾ കൊണ്ടോ പ്രവർത്തികൾ കൊണ്ടോ നല്ലതല്ലാതെ ഒന്നുമുണ്ടാവാൻ പാടില്ല. അമലുസ്വാലിഹാത്തുകളുമായുള്ള മുന്നേറ്റം നമ്മെ ഒരിക്കൽ സംഭവിച്ചേക്കാവുന്ന ഫിത്നകളിൽ നിന്നും കാലിടറലുകളിൽ നിന്നും സംരക്ഷിച്ചേക്കാം...

السعيد من وعظ بغيره

“മറ്റുള്ളവരിൽ നിന്നും പാഠമുൾക്കൊണ്ടവനാണ് വിജയി.”

നമ്മുടെ ഉലമാക്കളുടെ ഇൽമിന്റെ സദസ്സിൽ നിന്നും ലഭിച്ച ചില സദുപദേശങ്ങളുടെ സംഗ്രഹമാണ് ഇത്. അതൊന്ന് ചിട്ടപ്പെടുത്തി എടുക്കുകയേ ഈ സഹോദരൻ ചെയ്തിട്ടുള്ളൂ ഇവിടെ. അല്ലാഹു അതിൽ ബറക്കത്ത് നൽകുകയും നമ്മെ അവന്റെ സന്മാർഗത്തിൽ ഉറപ്പിച്ചു നിർത്തുകയും എല്ലാവർക്കും നല്ല പര്യവസാനം നൽകുകയും ചെയ്യട്ടെ എന്ന് അല്ലാഹുവിനോട് ചോദിച്ചു കൊണ്ട് നിർത്തുന്നു.

وبالله التوفيق

*നിങ്ങളുടെ സഹോദരൻ മിഖ്ദാദ്.*

*مسجد السنة بالعمود الجوبة، مأرب، اليمن*

**www.uloomussunnah.com**

https://telegram.me/uloomussunnah